പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1795 05.02.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യ്ക്ക് ഇന്ധന ടാക്സിൽ ഇളവ്

ചോദ്യം

ശ്രീ.കെ.എം.ഷാജി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന് ആഭ്യന്തര വിമാനസർവ്വീസുകൾക്ക് ഏവിയേഷൻ ഫ്യൂവൽ ഇന്ധന ടാക്സ് ഒരു ശതമാനമായി കുറച്ച് നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 03.11.2018-ലെ സ.ഉ.(അച്ചടി) നമ്പർ. 177/2018/നികുതി പ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന എല്ലാ ആഭ്യന്തര വിമാന സർവ്വീസുകൾക്കും ആവശ്യമായ ഏവിയേഷൻ ഫ്യൂവലിന് പത്ത് വർഷത്തേയ്ക്ക് ഒരു ശതമാനമായി ഇന്ധന നികുതി കുറച്ചിട്ടുള്ളതാണ്. |
| (ബി) | വൻ നഷ്ടത്തിലോടുന്ന പൊതുഗതാഗത സർവ്വീസ് ആയ കെ.എസ്.ആർ.ടി.സി.യ്ക്കും ഇന്ധന ടാക്സ് ഇളവ് നേടി എടുക്കുന്നതിന് എന്തെങ്കിലും നീക്കങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | (ബി) യും (സി) യും | 5 ശതമാനമോ അതിൽ കുറവോ നികുതി നിരക്കിൽ ഡീസൽ ലഭ്യമാക്കി തരണമെന്ന് സർക്കാരിനോട് കെ.എസ്.ആർ.ടി.സി ആവശ്യപ്പെട്ടിരുന്നു. കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഹൈ സ്പീഡ് ഡീസലിനുള്ള നികുതി (സംസ്ഥാന വിഹിതം GST) ഇളവ് ചെയ്യുന്നതിനുള്ള നിർദ്ദേശം 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നെങ്കിലും ഈ നിർദ്ദേശം അംഗീകരിച്ച് 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | ഇന്ധന ടാക്സ് ഇളവ് സംസ്ഥാന സർക്കാർ നൽകണമെന്നുണ്ടായിരുന്നെങ്കിൽ അത് ഏറ്റവും ആദ്യം ലഭ്യമാക്കേണ്ടത് കെ.എസ്.ആർ.ടി.സി. യ്ക്കാണെന്ന വസ്തുത ശ്രദ്ധയിൽ കൊണ്ടുവന്ന് അത് നേടിയെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ